**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 491** **17-03-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. നടപ്പാക്കിയതോടനുബന്ധിച്ച് സംസ്ഥാനത്തിനുണ്ടായ വരുമാന നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നടപ്പാക്കിയതോടനുബന്ധിച്ച് സംസ്ഥാനത്തിനുണ്ടായ വരുമാന നഷ്ടം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനം മുന്നോട്ടുവെച്ച ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ആവശ്യങ്ങൾ പരിഗണിക്കുന്നതിന് കേന്ദ്രം തയ്യാറായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ജി.എസ്.ടി. നിലവിൽ വന്നപ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16 ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ച് വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയുണ്ടായിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. കോവിഡ് പ്രതിസന്ധി മിക്കവാറും എല്ലാ സംസ്ഥാനങ്ങളുടെയും സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിച്ചിട്ടുണ്ട്. ആയതിനാൽ ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടി നൽകണമെന്ന് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. നഷ്ടപരിഹാര കാലാവധി നീട്ടുന്നതുമായി ബന്ധപ്പെട്ട് അനുകൂല തീരുമാനങ്ങളൊന്നും ജി.എസ്.ടി. കൗൺസിലോ കേന്ദ്ര സർക്കാരോ ഇതുവരെ കൈക്കൊണ്ടിട്ടില്ല.<br><br>ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തലാക്കിയ സാഹചര്യത്തിൽ ജി.എസ്.ടി. യിലെ കേന്ദ്ര സംസ്ഥാന അനുപാതം നിലവിലെ 50:50 എന്നതിന് പകരം സംസ്ഥാനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ 40: 60 ആക്കി മാറ്റണമെന്ന് സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യത്തിന്മേലും കേന്ദ്ര സർക്കാരോ ജി.എസ്.ടി. കൗൺസിലോ ഇതുവരെ നടപടികൾ ഒന്നും സ്വീകരിച്ചതായി കാണപ്പെടുന്നില്ല.<br><br>ജി.എസ്.ടി. റിട്ടേൺ സംവിധാനത്തിലെ അപര്യാപ്തത ജി.എസ്.ടി. യുടെ തുടക്കം മുതൽ പല പ്രശ്നങ്ങളും സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. ജി.എസ്.ടി. യുടെ തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന റിട്ടേൺ |

| | | | |
|---|---|---|---|
| | | | സംവിധാനം പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഐ.ജി.എസ്.ടി. സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് കൃത്യത ഉറപ്പാക്കണമെന്ന് സംസ്ഥാനം പലതവണ ജി.എസ്.ടി. കൗൺസിലിലും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ആവശ്യത്തെത്തുടർന്ന് ജി.എസ്.ടി. റിട്ടേൺ ഫോമിൽ മാറ്റങ്ങൾ വരുത്തുകയും, റിട്ടേണിലേക്കുള്ള കൂടുതൽ വിവരങ്ങൾ automated ആക്കുകയും ചെയ്യുകയുണ്ടായിട്ടുണ്ട്.<br><br>ഇതുകൂടാതെ നികുതി വെട്ടിപ്പ് തടയുന്നതുമായി ബന്ധപ്പെട്ട് സ്വർണ്ണം ഉൾപ്പെടെയുള്ള വിലപിടിപ്പുള്ള ലോഹങ്ങളുടെ ചരക്ക നീക്കങ്ങൾക്ക് ഇ-വേ ബിൽ ഏർപ്പെടുത്തണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. ഈ ആവശ്യം ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനം മുന്നോട്ടുവച്ച ആവശ്യങ്ങളിലൊന്നായ സ്വർണ്ണത്തിനും മറ്റ് വിലപിടിപ്പുള്ള ലോഹങ്ങൾക്കും ഇ-വേ ബിൽ നടപ്പാക്കണമെന്ന ശിപാർശയിൽ തീരുമാനമായിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സ്വർണ്ണം ഉൾപ്പെടെയുള്ള വിലപിടിപ്പുള്ള ലോഹങ്ങളുടെ ചരക്ക നീക്കങ്ങൾക്ക് ഇ-വേ ബിൽ ഏർപ്പെടുത്തണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ജി.എസ്.ടി. ചട്ട ഭേദഗതിയുടെ കരട് ജി.എസ്.ടി. കൗൺസിലിന്റെ പരിഗണനയിലാണ്. |
| (സി) | ഫെഡറൽ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന തരത്തിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ ലഭ്യമാക്കുന്ന വിധം ജി.എസ്.ടി. ട്രൈബ്യൂണലുകൾ സംസ്ഥാനങ്ങളിൽ രൂപീകരിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ജി.എസ്.ടി. യുടെ തുടക്കത്തിൽ നിയമത്തിലുണ്ടായിരുന്ന നാഷണൽ ബെഞ്ച്, സ്റ്റേറ്റ് ബെഞ്ച് എന്ന ആശയം ഒഴിവാക്കി ഒരു പ്രിൻസിപ്പൽ ബെഞ്ചും ജനസംഖ്യാടിസ്ഥാനത്തിൽ അഡീഷണൽ ബെഞ്ചുകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ എന്ന ഭേദഗതിയാണ് 18.02.2023 ൽ നടന്ന 49-ാമത് ജി.എസ്.ടി. കൗൺസിലിലെ അജണ്ടയിൽ അവതരിപ്പിക്കപ്പെട്ടത്. കേരളം ഈ നീക്കത്തെ ശക്തമായി എതിർക്കുകയും മറ്റ് പല സംസ്ഥാനങ്ങളും ഇതേ നിലപാട് പിന്തുടരുകയും ചെയ്തതിന്റെ ഫലമായി ഇതിൽ മാറ്റങ്ങൾ വരുത്തുകയും "സ്റ്റേറ്റ് ബെഞ്ച്" എന്ന ആശയത്തിലേക്ക് തിരികെ പോവുകയും ചെയ്തു. കൗൺസിലിൽ അവതരിപ്പിച്ച ഭേദഗതിയിൽ നിന്നും വ്യത്യസ്തമായി സ്റ്റേറ്റ് ബെഞ്ചിലേക്കുള്ള "ടെക്നിക്കൽ മെമ്പർ (സ്റ്റേറ്റ്)" നെ തെരെഞ്ഞെടുക്കുവാനുള്ള പാനൽ നിർദ്ദേശിക്കുവാനുള്ള അവകാശം സംസ്ഥാനത്തിലെ ഉന്നത ഉദ്യോഗസ്ഥന്മാർ കൂടി ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റിക്ക് നൽകാനാണ് കൗൺസിലിൽ തീരുമാനം. സ്റ്റേറ്റ് ബെഞ്ചുകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുള്ള പൂർണ്ണമായ അധികാരം സംസ്ഥാനങ്ങളിൽ നിക്ഷിപ്തമാകണം, place of supply യുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്ന പ്രിൻസിപ്പൽ ബെഞ്ചിന് മേഖല അടിസ്ഥാനത്തിൽ ബ്രാഞ്ചുകൾ ഉണ്ടാകണം തുടങ്ങിയ ആവശ്യങ്ങൾ അംഗീകരിക്കപ്പെട്ടിട്ടില്ല. |
| (ഡി) | നിലവിലെ ഐ.ജി.എസ്.ടി. അനുപാതം ഉയർത്തണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | കോമ്പൻസേഷൻ നിർത്തലാക്കിയ സാഹചര്യത്തിൽ ജി.എസ്.ടി. യിലെ കേന്ദ്ര സംസ്ഥാന അനുപാതം നിലവിലെ 50:50 എന്നതിന് പകരം സംസ്ഥാനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ 40: 60 ആക്കി മാറ്റണമെന്ന് സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ ആവശ്യത്തിന്മേൽ ഇതുവരെ അനുകൂല തീരുമാനങ്ങളൊന്നും ജി.എസ്.ടി. കൗൺസിലോ കേന്ദ്ര സർക്കാരോ ഇതുവരെ കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ